ഉത്തരം

(എ) നാഷണൽ ഹൈവേ വിഭാഗത്തിൽ നാലും റോഡുകളും പാലങ്ങളും വിഭാഗത്തിൽ പന്ത്രണ്ടും പാലങ്ങളിൽ നിന്ന് ടോൾ പിരിക്കുന്നുണ്ട്.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) പാലത്തിന്റെ നിർമ്മാണ ചെലവും അതിന്റെ പലിശയും കിട്ടുന്നതുവരെ ടോൾ പിരിക്കും.

(ഡി) റോഡുകളും പാലങ്ങളും വിഭാഗത്തിലുള്ള എല്ലാ പാലങ്ങളിൽ നിന്നും ടോൾ പിരിക്കാൻ തുടങ്ങിയത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. നാഷണൽ ഹൈവേ വിഭാഗത്തിൽ വളപട്ടണം പാലം ഒഴികെയുള്ള മൂന്നു പാലങ്ങളിൽ നിന്നും ടോൾ പിരിവ് തുടങ്ങിയത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്.

കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിലെ എം. എൽ. എ.

റോഡുകൾ

125. [156] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിൽ ടെണ്ടർ ചെയ്യാതെ മരാമത്ത് പണികൾ നേരിട്ട് കരാറുകാരെ ഏൽപ്പിച്ച് എം. എൽ. എ. റോഡുകൾ ഏതെങ്കിലുമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റോഡുകളുടെ പേരുകളും നിയോജക മണ്ഡലങ്ങളും വ്യക്തമാക്കാമോ ;

(സി) ഓരോ റോഡിനും എസ്റ്റിമേറ്റ് സംഖ്യയേക്കാൾ എത്ര ശതമാനം കൂട്ടിയാണ് കരാറുകാരന് നൽകിയത് ;

(ഡി) കരാറുകാരുടെ അല്ലെങ്കിൽ നോമിനിയുടെ പേര് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല. (ബി, സി, ഡി) ഉദിക്കുന്നില്ല.

പമ്പാവാലിയിൽ നിന്നും ശബരിമലയ്ക്ക് നിർമ്മിക്കുന്ന റോഡ്

126. [169] ശ്രീമതി റെയ്ച്ചൽ സണ്ണി പനവേലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പാവാലിയിൽ നിന്നും ശബരിമലയ്ക്ക് പൊതുമരാമത്ത് വകുപ്പു നിർമ്മിച്ചുവരുന്ന റോഡിന് ആകെ എത്രരൂപയാണ് മതിപ്പു ചെലവ് കണക്കാക്കിയിട്ടുള്ളത് ;

(ബി) ഇപ്പോൾ ഇതിനുവേണ്ടി ഈ സാമ്പത്തിക വർഷത്തിൽ എത്രയാണ് ചെലവാക്കാനുദ്ദേശിക്കുന്നത് ;

(സി) ഈ റോഡ് ടാറിട്ട് വാഹന ഗതാഗത യോഗ്യമാക്കാൻ എന്നു കഴിയും ?

ഉത്തരം

(എ) പമ്പാവാലി മുതൽ നിലയ്ക്കൽ വരെയുള്ള 10.14 കി. മീ. നീളമുള്ള റോഡിന് 114.93 ലക്ഷം രൂപയാണ് മതിപ്പു ചെലവ് കണക്കാക്കിയിട്ടുള്ളത്.

† അനുബന്ധം—II

LIBRARY ARCHIVES Kerala Legislative Assembly

(ബി) 15 ലക്ഷം രൂപ ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പമ്പാവാലി മുതൽ നിരണംതോട് വരെയുള്ള 3.25 കി. മീ. റോഡ് 1987 അവസാനത്തോടെ ടാറിട്ട് ഗതാഗതയോഗ്യമാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

എം. എൽ. എ. റോഡുകൾക്കുവേണ്ടി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക

127 [157] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ എം. എൽ. എ. റോഡുകൾക്കുവേണ്ടി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള മൊത്തം തുക എത്ര;

(ബി) ഓരോ ജില്ലയ്ക്കും ഉൾപ്പെടുത്തിയിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എം. എൽ. എ. റോഡുകൾക്ക് പ്രത്യേക ബഡ്ജറ്റ് ഹെഡ്ഡില്ല. "537 റോഡുകളും പാലങ്ങളും" എന്ന ഹെഡ്ഡിൽനിന്നും ഈ റോഡുകൾക്കും ചെലവാക്കുന്നു.

(ബി) ഓരോ ജില്ലയിലേയും ഈ വിഭാഗത്തിലെ റോഡുകൾക്ക് 1986-87-ലെ പ്രൊവിഷൻ താഴെ കൊടുക്കുന്നു.

തിരുവനന്തപുരം—50,000 രൂപ.
കൊല്ലം—ഇല്ല.
പത്തനംതിട്ട—100
ആലപ്പുഴ—16,00,000
കോട്ടയം—32,00,200
ഇടുക്കി—100
എറണാകുളം—20,34,800
തൃശ്ശൂർ—10,00,200
പാലക്കാട്—ഇല്ല.
മലപ്പുറം—10,00,300
കോഴിക്കോട്—200
വയനാട്—ഇല്ല.
കണ്ണൂർ—15,00,100
കാസർകോട്—ഇല്ല.

ബഡ്ജറ്റിൽ തുക വക കൊള്ളിച്ചിട്ടില്ലാത്ത എം. എൽ. എ. റോഡുകൾ

128. [158] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87 സാമ്പത്തിക വർഷത്തിൽ എം. എൽ. എ. റോഡുകൾക്ക് ഏതിനെങ്കിലും ബഡ്ജറ്റിൽ തുക കൊള്ളിക്കാതെ വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly